(ബി) തിരുവനന്തപുരം ജില്ലയിൽ അപ്രകാരം എത്ര റോഡുകളുടെ നിർമ്മാണം ഏറ്റെടുത്തു ; പഞ്ചായത്ത് തിരിച്ചുള്ള ലിസ്റ്റ് ലഭ്യമാക്കുമോ ;

(സി) പ്രസ്തുത റോഡുകളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടോ ; അവയിൽ ഏതൊക്കെ റോഡുകളുടെ നിർമ്മാണം പൂർത്തീകരിച്ചുവെന്നും ഇനി എത്ര റോഡുകൾ പൂർത്തീകരിക്കാനുണ്ടെന്നുമുള്ളത് സംബന്ധിച്ച ലിസ്റ്റ് ലഭ്യമാക്കുമോ ?

ഉത്തരം

(എ) 2005-06-ൽ ഫിഷറീസ് ഫണ്ട് ഉപയോഗിച്ച് റോഡുകളുടെ നിർമ്മാണം ഏറ്റെടുത്തിട്ടില്ല.

(ബി & സി) ബാധകമല്ല.

പ്രൈമറി ഹെൽത്ത് സെന്ററിന് ഫിഷറീസ് വകുപ്പ് കെട്ടിടം

157 [922] ശ്രീ. എ. സി. ഷണ്മുഖദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ജില്ലയിലെ പുതിയാപ്പയിലെ പ്രൈമറി ഹെൽത്ത് സെന്ററിന് കെട്ടിടം പണിയുന്നതിന് ഫിഷറീസ് വകുപ്പ് ഉത്തരവ് കൊടുത്തത് എന്നാണ് എന്നും പ്രവൃത്തി കരാർ കൊടുത്തത് എന്നാണെന്നും വെളിപ്പെടുത്തുമോ ;

(ബി) പ്രസ്തുത കെട്ടിടം തുറന്ന് പ്രവർത്തിക്കുന്നതിനുള്ള കാലതാമസം എന്താണ് ;

(സി) കെട്ടിടം ഹെൽത്ത് സെന്ററായി പ്രവർത്തിക്കുവാൻ എന്നത്തേക്ക് വിട്ടുകൊടുക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) 17-1-1998-ലെ സർക്കാർ ഉത്തരവ് നമ്പർ (ആർ.റ്റി.) 18/98/മതുവ. പ്രകാരമാണ് പുതിയാപ്പയിൽ കെട്ടിടം പണിയുന്നതിന് അനുമതി നൽകിയത്. 6-3-1999-ൽ പൊതുമരാമത്ത് വകുപ്പ് പ്രവൃത്തി കരാർ കൊടുക്കുകയും ചെയ്തു.

(ബി) കെട്ടിടത്തിന്റെ പണി പൂർത്തീകരിക്കുവാൻ താമസം നേരിട്ടതിനാൽ.

(സി) 2006 ഫെബ്രുവരിയിൽ കെട്ടിടം പൂർത്തീകരിച്ച് കൈമാറുമെന്ന് പൊതുമരാമത്ത് വകുപ്പ് അറിയിച്ചിട്ടുണ്ട്.

ലോകബാങ്ക് സഹായത്തോടെ ഫിഷറീസ് റോഡ് വികസന പദ്ധതി

158 [923] ശ്രീ. കെ. പി. സതീശ് ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ലോകബാങ്ക് സഹായത്തോടെ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന ഫിഷറീസ് റോഡ് വികസന പദ്ധതി ഇപ്പോൾ ഏത് ഘട്ടത്തിലാണെന്നും അതിന്റെ വിശദാംശങ്ങൾ എന്തൊക്കെയാണെന്നും അറിയിക്കാമോ ;

GPM. 2/152/2013—20

LIBRARY ARCHIVES Kerala Legislative Assembly

(ബി) കാസർഗോഡ് ജില്ലയിൽ ഈ സ്കീമിൽ ഏതൊക്കെ റോഡുകൾക്ക് എന്തു തുക വീതം അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഫിഷറീസ് വകുപ്പ് ഇത്തരം റോഡ് വികസന പദ്ധതികളൊന്നും തന്നെ ഏറ്റെടുത്തിട്ടില്ല.

(ബി) ബാധകമല്ല.

കുടിവെള്ളം എത്തിക്കുന്നതിനുള്ള പദ്ധതി

159 [924] ഡോ. എ. നീലലോഹിതദാസൻ നാടാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിഴിഞ്ഞം പഞ്ചായത്തിലെ തീരപ്രദേശത്ത് കുടിവെള്ളം എത്തിക്കുന്നതിനായി ഇതിനകം എത്ര തുക ഫിഷറീസ് ഫണ്ടിൽ നിന്നും അലോട്ട് ചെയ്തിട്ടുണ്ട് ;

(ബി) പ്രസ്തുത ഫണ്ട് വിനിയോഗിച്ചുള്ള പദ്ധതിയുടെ പ്രവർത്തനങ്ങൾ ആരംഭിച്ച് കഴിഞ്ഞിട്ടുണ്ടോ; ഉണ്ടെങ്കിൽ അത് സംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമാക്കുമോ ; ആ പദ്ധതിയുടെ നിർമ്മാണം എന്നത്തേക്ക് പൂർത്തിയാകുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) വിഴിഞ്ഞം പഞ്ചായത്തിലെ തീരപ്രദേശത്ത് കുടിവെള്ളമെത്തിക്കുന്നതിന് 145 ലക്ഷം രൂപ ചെലവിൽ ഒരു പദ്ധതി നടപ്പാക്കുവാൻ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിൽ ഇരുപത് ലക്ഷം രൂപ ഫിഷറീസ് ഫണ്ടിൽ നിന്നാണ്.

(ബി) ഇല്ല. എന്നാൽ പ്രസ്തുത പ്രവൃത്തി നാല് മാസത്തിനുള്ളിൽ പൂർത്തിയാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

പരവൂർ ഫിഷ് ലാന്റിംഗ് സെന്ററിന്റെ നിർമ്മാണം

160 [925] ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പരവൂർ ഫിഷ് ലാന്റിംഗ് സെന്ററിന്റെ നിർമ്മാണ പ്രവർത്തനം ഏതുവരെയായി ;

(ബി) ഇതിനായി എന്തെങ്കിലും തരത്തിലുള്ള പഠനം നടത്തിയിട്ടുണ്ടോ ;

(സി) എങ്കിൽ ആയതിന്റെ നിഗമനങ്ങൾ എന്തൊക്കെയാണ് ;

(ഡി) പ്രസ്തുത ഫിഷ് ലാന്റിംഗ് സെന്റർ എന്നത്തേക്ക് പൂർത്തിയാക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly